# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 801 — 03.12.2014-ൽ മറുപടിക്ക്

### അട്ടപ്പാടിയിൽ ആരോഗ്യ വകുപ്പ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം

**ചോദ്യം**

ശ്രീ. വി. ചെന്താമരാക്ഷൻ :

(എ) അട്ടപ്പാടിയിലെ നവജാത ശിശുക്കളുടെയും, ഗർഭസ്ഥ ശിശുക്കളുടെയും തുടർച്ചയായ മരണം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകാമോ ;

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

(എ) മാതൃശിശു ആരോഗ്യ പരിചരണ പ്രവർത്തനങ്ങൾ ഫീൽഡിലും പി.എച്ച്.സി, സി.എച്ച്.സി. കളിലും കോട്ടത്തറ ട്രൈബൽ ആശുപത്രിയിലും മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കൊണ്ട് മറ്റ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളും എടുക്കുന്നുണ്ട്.

ഫീൽഡ് ആരോഗ്യ പ്രവർത്തനങ്ങളും ആരോഗ്യ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളും കാര്യക്ഷമമാക്കുന്നതിലേക്കായി ഓരോ കേന്ദ്രത്തിലും അധികമായി ഓരോ ജെ.പി.എച്ച്.എൻ. മാരെ കൂടി ആരോഗ്യ മിഷൻ വഴി താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. ഫീൽഡ് തലത്തിലും ആരോഗ്യ ഉപകേന്ദ്രങ്ങൾ വഴിയും ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കും അമ്മമാർക്കും വേണ്ട പരിചരണം നൽകി വരുന്നുണ്ട്. ഇതിനാവശ്യമായ അയൺ ഫോളിക് ആസിഡ് / ഗുളികകൾ /വൈറ്റമിൻ എ, രോഗ പ്രതിരോധ കുത്തിവെയ്പ്പുകൾ തുടങ്ങിയവ ലഭ്യമാക്കിയിട്ടുണ്ട്. ആവശ്യത്തിന് ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും സേവനം ലഭ്യമാക്കികൊണ്ടും മരുന്നും ലബോറട്ടറി സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും ഉറപ്പാക്കികൊണ്ട് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി, അഗളി സി.എച്ച്.സി, പുതൂർ, ഷോളയൂർ, ആനക്കട്ടി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ വേണ്ട ചികിത്സാ

സൗകര്യങ്ങൾ ഉറപ്പ് വരുത്തിയിട്ടുണ്ട്. അഞ്ച് ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളും മുടക്കം കൂടാതെ പ്രവർത്തിച്ച് വരുന്നുണ്ട്.

കോട്ടത്തറ ആശുപത്രിയിൽ കൂടുതൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനവും ആഴ്ചയിലൊരിക്കൽ ഗർഭിണികളുടെ സ്കാനിംഗിനും വേണ്ടി സോണോളജിസ്റ്റിന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അട്ടപ്പാടി മേഖലയിലെ ആരോഗ്യ സ്ഥാപനങ്ങളിൽ ഡോക്ടർമാരുടെയും പുതിയതായി സൃഷ്ടിച്ച 75 തസ്തികകളിൽ ജീവനക്കാരെയും കൂടുതലായി നിയമിച്ച് ഇവയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി. അട്ടപ്പാടി മേഖലയിലെ ആരോഗ്യ സ്ഥാപനങ്ങളിൽ ആകെ ഡോക്ടർമാരുടെ 43 തസ്തികകൾ ആണ് ഉള്ളത്. സ്ഥിര ഡോക്ടർമാരും താൽക്കാലികമായി നിയമിച്ചവരുമടക്കം ഇപ്പോൾ 43 പേർ ജോലി ചെയ്യുന്നുണ്ട്. അഗളി പി.എച്ച്.സി. യിലേക്ക് ഒരു പീഡിയാട്രീഷ്യനെയും ഒരു ഗൈനക്കോളജിസ്റ്റിനെയും കൂടി നിയമിച്ചു. രണ്ട് പേരും ഉടൻ ജോലിയിൽ പ്രവേശിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

അട്ടപ്പാടി മേഖലയിൽ ദീർഘകാല സേവന പരിചയമുള്ള ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. പ്രഭുദാസിന്റെ സേവനം പൂർണ്ണമായും അട്ടപ്പാടിയിൽ ലഭ്യമാകുന്ന രീതിയിൽ ക്രമീകരിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇത്തരത്തിലുള്ള എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; ഓരോ വർഷത്തെയും വിശദമായ കണക്ക് ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അട്ടപ്പാടിയിൽ നടന്ന ശിശുമരണങ്ങളുടെ കണക്ക് ചുവടെ ചേർക്കുന്നു.

2011 – 3
2012 – 16
2013 – 31
2014 – 13 (01.02.2014 -വരെ)

(സി) അട്ടപ്പാടിയിൽ ആരോഗ്യ വകുപ്പ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

(സി)
1. 43 ഡോക്ടർമാരുൾപ്പെടെ 75 തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തി.
2. 3000 പേർക്ക് ഒരു സബ്സെന്റർ എന്ന കണക്കിൽ ഈ മേഖലയിൽ 28 ആരോഗ്യ ഉപകേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു.

(.....3)

3. ഈ ഉപകേന്ദ്രങ്ങളിൽ ഓരോ അഡീഷണൽ ജെ.പി.എച്ച്.എൻ മാരെ നിയമിച്ചു.
4. ഗുരുതര പോഷണക്കുറവുള്ള കുഞ്ഞുങ്ങളെ പുനരധിവസിപ്പിക്കുന്നതിന് അഗളി സി.എച്ച്.സി. യിലും പുതൂർ, ഷോളയൂർ പി.എച്ച്.സി.കളിലും ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചു. ഇതിന്റെ ഫലമായി 2013 ൽ 299 ഗുരുതര പോഷകക്കുറവുള്ള കുഞ്ഞുങ്ങളുടെ എണ്ണം ഇപ്പോൾ 64 ആയി കുറയ്ക്കാൻ കഴിഞ്ഞു.
5. കോട്ടത്തറയിൽ സ്പെഷ്യൽ ന്യൂ ബോൺ കെയർ യൂണിറ്റ്, ബ്ലഡ് സ്റ്റോറേജ് യൂണിറ്റ്, ലാബ് സൗകര്യങ്ങൾ, ഓപ്പറേഷൻ തീയേറ്റർ സൗകര്യം, കുടിവെള്ള പദ്ധതി, ഡോക്ടർമാരുടെ ക്വാർട്ടേഴ്സുകൾ, ഇ.സി.ജി. സൗകര്യം എന്നിവ ഏർപ്പെടുത്തി.
6. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ഗൈനക്കോളജി, ശിശുരോഗവിഭാഗം, ജനറൽ മെഡിസിൻ, ഓർത്തോപീഡിക്സ്, ഇ.എൻ.റ്റി, ഡെന്റൽ സർജറി തുടങ്ങിയ സ്പെഷ്യാലിറ്റികളിലായി 20 ഡോക്ടർമാരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ ഐ.എം.എ. യുടെ സഹകരണത്തോടെ ഒരു അൾട്രാ സോണോളജിസ്റ്റിന്റെ സേവനം ആഴ്ചയിലൊരിക്കൽ ലഭ്യമാക്കി.
7. അഗളി സി.എച്ച്.സി. യിൽ ന്യൂബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റ് ആരംഭിച്ചു.
8. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലും, അഗളി സി.എച്ച്.സി. യിലും മാത്രമായിരുന്ന ഐ.പി. സൗകര്യം പുതൂർ പി.എച്ച്.സി. യിലും ആരംഭിച്ചിട്ടുണ്ട്. ഈ മൂന്ന് ആശുപത്രികളിലും 24 മണിക്കൂറും സേവനം ലഭ്യമാണ്.
9. അട്ടപ്പാടി മേഖലയിലെ 28 സബ്സെന്ററുകൾ റിപ്പയർ ചെയ്ത് താമസയോഗ്യമാക്കാൻ നടപടി സ്വീകരിച്ചു. ഇവയിൽ പതിനഞ്ചെണ്ണം പണി പൂർത്തിയായി.

(....4)

10. ആശാ അംഗൻവാടി പ്രവർത്തകരെ ഏകോപിപ്പിച്ച് ഫീൽഡ്തല പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി. ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ സ്കിൽഡ് സ്റ്റാഫ് എന്നിവർക്ക് ആവശ്യമായ പരിശീലനം നൽകി. ഡോക്ടർമാർക്കും നഴ്സുമാർക്കും കേന്ദ്രസർക്കാർ അംഗീകൃത ട്രെയിനിംഗ് സെന്ററായ മദ്രാസ് മെഡിക്കൽ കോളേജിൽ വിദഗ്ദ്ധ പരിശീലനം നൽകി.
11. അട്ടപ്പാടി മേഖലയിൽ രണ്ട് മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ നിലവിലുണ്ടായിരുന്നു. പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് അഡീഷണൽ വാഹന സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. കൂട്ടതലായി മൂന്ന് മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ കൂടി ആരംഭിച്ചു.
12. ദീർഘകാലം അട്ടപ്പാടി മേഖലയിൽ പ്രവർത്തന പരിചയമുള്ള പാലക്കാട് ഡെപ്യൂട്ടി ഡി.എം.ഒ. ഡോ. പ്രഭുദാസിന്റെ സേവനം പൂർണ്ണമായും അവിടെ ലഭ്യമാക്കി.
13. 2.67 കോടി രൂപയുടെ പുതിയ പദ്ധതികൾക്കു കൂടി കേന്ദ്ര അനുമതി തേടി.
14. അട്ടപ്പാടി മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിനും ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിനും എൻ.ആർ.എച്ച്.എം. ഫണ്ടിൽ നിന്നും രണ്ടു കോടി രൂപ അനുവദിച്ചു.
15. ഗുരുതരമായ പോഷകക്കുറവുള്ള മുലയൂട്ടുന്ന അമ്മമാരെയും, ഗർഭിണികളെയും കൂടെ ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററിൽ (എൻ.ആർ.സി) താമസിപ്പിച്ച് ആവശ്യമായ പരിരക്ഷ നൽകി വരുന്നു.

(signature)

സെക്ഷൻ ഓഫീസർ